# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3684    17.10.2011-ൽ മറുപടിയ്ക്ക്

## ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ.ടി.ജലീൽ | | ശ്രീ. പി.ജെ.ജോസഫ് ( ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചമ്രവട്ടം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | 04.10.2011 ലെ കണക്കനുസരിച്ച് 82% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പുമന്ത്രി തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണ്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹു.ജലവിഭവ വകുപ്പുമന്ത്രി തിരുവനന്തപുരത്ത് 2 യോഗങ്ങൾ വിളിച്ചു ചേർത്തു. മിനിട്സിന്റെ പകർപ്പുകൾ അനുബന്ധം I, II ആയി ഇതോടൊപ്പം ചേർത്തിട്ടുണ്ട്. |
| (സി) | ഇവയിൽ ഏതെല്ലാമാണ് നടപ്പിലാക്കാൻ കഴിഞ്ഞത്; | (സി) | ചില തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. മറ്റു ചില തീരുമാനങ്ങൾ മറ്റു വകുപ്പുകളുമായി ബന്ധപ്പെട്ടതാകയാൽ ആ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട 'പുളളി 'ക്ക് ആവശ്യമായ തുക പദ്ധതിയുടെ എസ്റ്റിമേറ്റിൽ നിന്ന് വിട്ടുപോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി), (ഇ), & (എഫ്) | Pully -യുടെ കാര്യത്തിൽ വന്ന പിശക് തിരുത്തി Contractor-ക്ക് അനുവദനീയമായ തുക അനുവദിച്ചു നല്കുവാൻ തീരുമാനമായിട്ടുണ്ട്. |
| (ഇ) | 'പുളളി 'ക്ക് ആവശ്യമായ തുക ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; | | |
| (എഫ്) | ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | | |
| (ജി) | ഈ വിഷയം പഠിക്കാൻ ഗവൺമെന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയ കാര്യവും അദ്ദേഹത്തിന്റെ ഇതു സംബന്ധിച്ച റിപ്പോർട്ടിന്റെ വിവരവും എന്തെന്ന് വിശദമാക്കാമോ? | (ജി) | നിർമ്മാണ പ്രവൃത്തികൾ ഉദ്ദേശിച്ച പ്രകാരം പുരോഗതി കൈവരിക്കാത്തതിനാൽ ഇക്കാര്യം പരിശോധിക്കുവാൻ ജലവിഭവ വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ പണി നിശ്ചിതതീയതിക്കകം പൂർത്തീകരി ക്കുന്നത് ഉറപ്പു വരുത്തുന്നതിലേ യ്ക്കായി ചീഫ് എഞ്ചിനീയറു (ജലസേചനവും ഭരണവും)-ടെ നേരിട്ടുളള മേൽനോട്ടത്തിലാക്കി. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.